പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1442 — 11.06.2019-ൽ മറുപടിക്ക്

റവന്യൂ കമ്മീഷണറുടെ സീലോടുകൂടിയ വ്യാജ ഉത്തരവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര യിൽ ഭൂമി തരം മാറ്റുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ സീലോടുകൂടിയ വ്യാജ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ശ്രമങ്ങൾ ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു സീനിയർ സൂപ്രണ്ടിന്റെ സീലും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് സീലും പതിപ്പിച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ആരാണ് ഇതിന് പിന്നിലുള്ളതെന്നും ഇത്തരത്തിൽ വേറെയും ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ യെന്നും കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ നിലം നികത്തുന്നതിനായി കൃത്രിമരേഖ ചമക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ആയത് ശ്രദ്ധയിൽപ്പെട്ടയുടൻ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ നടപടികളും നടന്നു വരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടന്നു വരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വ്യാജ ഉത്തരവ് ചമച്ചവർ ആരൊക്കെയാണെന്ന് വ്യക്തമാകുന്നതാണ്. ഇതിനു പുറമെ കേരള ഭൂവിനിയോഗ ഉത്തരവ് , കേരള നെൽവയൽ |

തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം 01.01.2018 മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും, നിരസിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചു വരുന്നുണ്ട്.

| | | |
|---|---|---|
| (സി) | പ്രസ്തുത ഉത്തരവിന് പിന്നിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും അവരുടെ തസ്തിക ഏതാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ; | (സി) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ ചൂർണ്ണിക്കര വില്ലേജിൽ 0.29.21 ഹെക്ടർ നിലം പുരയിടമാക്കി മാറ്റുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ അധികചുമതല വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവ് തയ്യാറാക്കി വില്ലേജ് ഓഫീസിൽ ഹാജരാക്കിയത് സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷനിൽ U/S 465, 468, 471 & 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 926/19-ാം നമ്പർ ക്രൈം കേസിൽ ഉൾപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.കെ. അരുൺകുമാറിനെ പോലീസ് അറസ്റ്റ് ചെയ്ത് 11.05.2019 മുതൽ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തിട്ടുള്ളതും ടിയാനെ കെ.സി.എസ്.ആന്റ് സി.സി.എ ചട്ടം 10 (3) പ്രകാരം അറസ്റ്റ് രേഖപ്പെടുത്തിയ തീയതിയായ 11.05.2019 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. |
| (ഡി) | വ്യാജ ഉത്തരവ് പ്രകാരം തരം മാറ്റിയ ചൂർണ്ണിക്കരയിലെ ഭൂമി പൂർവസ്ഥിതിയിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ? | (ഡി) വ്യാജ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ യാതൊരു വിധത്തിലുള്ള മാറ്റവും വരുത്തിയിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**